(സി) വാളയാർ ചന്ദന മോഷണ കേസുമായി ബന്ധപ്പെട്ട് സി.ബി.ഐ.-യുടെ അന്വേഷണ റിപ്പോർട്ട് വനം വകുപ്പിന് ലഭിച്ചിട്ടില്ല.

(ഡി) വനമേഖലകൾ നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമായി ഉന്നത വനം ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായ ഇടവേളകളിൽ കൂടാറുണ്ട്. വനസംരക്ഷണ സമിതികളുടെ ഒരു സംഗമം 12-5-2008-ൽ തൃശൂരിൽ സംഘടിപ്പിച്ചിരുന്നു. സംസ്ഥാന വനവികസന ഏജൻസിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് 3-6-2010-ൽ വനവികസന സമിതിയുടെ ഒരു സംഗമം തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. കൂടാതെ ഡിവിഷൻ തലത്തിൽ വനവികസന സമിതികളും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും ഇടയ്ക്കിടയ്ക്ക് വിളിച്ച് ചേർത്ത് വനസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ച നടത്തുകയും ചെയ്തുവരുന്നു.

പായ്ക്ക് ചെയ്ത ആഹാരസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് നടപടി

24 (*474) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന പായ്ക്ക് ചെയ്ത ആഹാര പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള നിബന്ധനകൾ വിശദമാക്കുമോ ;

(ബി) ബ്രഡ്ഡും അതുപോലുള്ള ഭക്ഷ്യവസ്തുക്കളും പ്ലാസ്റ്റിക് നൂലുപയോഗിച്ച് കെട്ടി വിപണനം നടത്തുന്നതുമൂലം പൂപ്പൽ ബാധയുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ന്യൂനത പരിഹരിക്കുന്നതിനുവേണ്ടി സുരക്ഷിതമായ പായ്ക്കിംഗ് നിഷ്ക്കർഷിച്ച് നിർദ്ദേശം നൽകുമോ ;

(ഡി) ബ്രഡ്ഡിന്റെയും അതുപോലുള്ള ഭക്ഷ്യവസ്തുക്കളുടെയും പായ്ക്കറ്റിൽ നിർമ്മിച്ച തീയതിയും ഉപയോഗകാലാവധിയും വ്യക്തമായി രേഖപ്പെടുത്തുന്നില്ലെന്നകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഈ വിവരങ്ങൾ വലിപ്പത്തിൽ രേഖപ്പെടുത്താൻ നിർദ്ദേശം നൽകുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):

(എ) സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന പായ്ക്ക് ചെയ്ത ആഹാര പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 1954-ലെ ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമ പ്രകാരം കമ്മീണർ ഓഫ് ഫുഡ് സേഫ്റ്റിയുടെ കീഴിൽ 14 ജില്ലകളിലും ജില്ലാ ഫുഡ് ഇൻസ്പെക്ടർ ഓഫീസ് നിലവിൽ ഉണ്ട്. ഈ ഓഫീസിന്റെ കീഴിലുള്ള പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിന്ന് ഫുഡ് ഇൻസ്പെക്ടർമാർ ശേഖരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 അനലിസ്റ്റ് ലാബുകളിൽ അയച്ച് പരിശോധിച്ചു വരുന്നു. പരിശോധനയിൽ മായം ചേർക്കൽ കണ്ടെത്തുന്ന പക്ഷം കുറ്റക്കാർക്ക് എതിരെ പ്രസ്തുത നിയമത്തിലെ സെക്ഷൻ 16 പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത ഭക്ഷ്യ വസ്തുക്കളിൽ ഗവൺമെന്റ് അനലിസ്റ്റുമാർ നടത്തിയ പരിശോധനയിൽ അപ്രകാരം ഒരു ന്യൂനത റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) മായം ചേർക്കൽ നിരോധന ചട്ടം 32(i)(iv) പ്രകാരം പരമാവധി 7 ദിവസം വരെ `shelf life' ഉള്ള പായ്ക്ക് ചെയ്ത ആഹാര പദാർത്ഥങ്ങളിൽ ഉല്പാദന തീയതി രേഖപ്പെടുത്തേണ്ടതില്ല. അത് ഏത് ദിവസത്തിന് മുമ്പ് (use by date) ഉപയോഗിക്കണമെന്ന് ഉല്പാദിപ്പിക്കുന്ന ആളോ, പായ്ക്ക് ചെയ്യുന്ന ആളോ ലേബലിൽ രേഖപ്പെടുത്തിയാൽ മതി. "use by date" വലിപ്പത്തിലും വ്യക്തമായും രേഖപ്പെടുത്തുന്നതിന് ബ്രഡ്ഡിന്റെയും അതുപോലുള്ള ഭക്ഷ്യ വസ്തുക്കളുടെയും ഉല്പാദകർക്ക് നിർദ്ദേശം നൽകിവരുന്നു.

കേരളീയ പ്രവാസി സംഗമം പരിപാടിയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ

25 (*475) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്കയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നോർക്ക വകുപ്പിന്റെയും നോർക്ക -റൂട്ട്സിന്റെയും ആഭിമുഖ്യത്തിൽ കേരളത്തിൽ നടന്ന 'കേരളീയ പ്രവാസി സംഗമം' പരിപാടിയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിശോധിച്ചിരുന്നുവോ ;

(ബി) നോർക്കയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പ്രായോഗിക നിർദ്ദേശങ്ങളാണ് ഇത്തരത്തിൽ സർക്കാരിന് ലഭിച്ചത് ;

(സി) ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു ;

(ഡി) ഇനിയും എന്തൊക്കെ കാര്യങ്ങൾ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) വിവിധ പ്രവാസി അസോസിയേഷനുകളുടെ സഹകരണത്തോടെ 2008-ൽ നടത്തിയതരത്തിലുള്ള പ്രവാസി സംഗമം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly